കേരളാ ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡിലെ നിയമനം

319. [397] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡിലേക്കു നിയമനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പേരെയാണ് ; ഏതെല്ലാം തസ്തികകളിൽ ;

(സി) ഓരോ തസ്തികകളിലെയും ശമ്പളം എത്ര ;

(ഡി) അതിലേക്കു ആകെക്കൂടി വേണ്ടി വരുന്ന വാർഷിക ചെലവ് എത്ര ;

(ഇ) പ്രസ്തുത നിയമനങ്ങൾ നടത്തിയതു ആരായിരുന്നു ;

(എഫ്) നിയമനങ്ങൾ നടത്തിയതിനുവേണ്ടി എഴുത്തു പരീക്ഷ നടത്തിയിട്ടുണ്ടോ ;

(ജി) നിയമനത്തിനുവേണ്ടി അപേക്ഷകൾ സ്വീകരിച്ചിരുന്നുവോ ;

(എച്ച്) നിയമനങ്ങൾ നടത്തുന്നതിനുവേണ്ടി അപേക്ഷകൾ സ്വീകരിക്കുന്ന വിവരം പരസ്യം ചെയ്തിരുന്നുവോ ;

(ഐ) ഉണ്ടെങ്കിൽ ഏതുവിധത്തിൽ പരസ്യം ചെയ്തിരുന്നു ; എന്തായിരുന്നു പരസ്യം ചെയ്തിരുന്നത് ;

(ജെ) ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനു സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയായിരുന്നു എന്നു വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 66 പേരെ. ഓഫീസ് അസിസ്റ്റന്റ് — 65
ഡ്രൈവർ — 1

(സി) ഓഫീസ് അസിസ്റ്റന്റിന്റെ ശമ്പള സ്കെയിൽ 640-1000 രൂപയും ഡ്രൈവറുടെ ശമ്പളം പ്രതിമാസം 650 രൂപയുമാണ്.

(ഡി) 6,70,800 രൂ.

(ഇ) ഗവൺമെന്റ് ആയിരുന്നു.

(എഫ്) ഉണ്ട്.

(ജി) സ്വീകരിച്ചിരുന്നു.

(എച്ച്) പരസ്യം ചെയ്തിരുന്നു.

(ഐ) 14-1-1985 ലെ കേരള കൗമുദി പത്രത്തിൽ അപേക്ഷ ക്ഷണിച്ചു കൊണ്ടു പരസ്യം ചെയ്തിരുന്നു.

(ജെ) എഴുത്തു പരീക്ഷയിൽ വിജയിച്ച ഉദ്യോഗാർത്ഥികളെ ഇൻറർവ്യൂവിനു ശേഷം യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമിച്ചു.

സംസ്ഥാന കൺസ്ട്രക്ഷൻ വർക്കേഴ്സ് കോ-ഓർഡിനേഷൻ കമ്മിറ്റി സമർപ്പിച്ച മെമ്മോറാണ്ടത്തിൻമേലുള്ള നടപടി

320. [398] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കൺസ്ട്രക്ഷൻ വർക്കേഴ്സ് കോ-ഓർഡിനേഷൻ കമ്മിറ്റി 1986 സെപ്റ്റംബർ 3-ാം തീയ്തി തൊഴിൽ വകുപ്പു മന്ത്രിക്ക്

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ച മെമ്മോറാണ്ടത്തിൻമേൽ ഗവൺമെൻറ് ഇതിനകം എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

(ബി) മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിരിക്കുന്ന പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) സംസ്ഥാനത്തെ കൺസ്ട്രക്ഷൻ തൊഴിലാളികൾക്കു ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഗവൺമെൻറിന്റെ സജീവ പരിഗണനയിലാണ്.

(ബി) കൺസ്ട്രക്ഷൻ തൊഴിലാളികൾക്കു ഒരു ക്ഷേമനിധി ഏർപ്പെടുത്തുക എന്നതാണ് പ്രധാനപ്പെട്ട ആവശ്യം.

നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് സംരക്ഷണ നിയമം വേണമെന്ന ആവശ്യം

321. [399] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കെട്ടിട നിർമ്മാണം റോഡ്, പാലം, അണക്കെട്ടുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ഒരു സംരക്ഷണ നിയമം വേണമെന്ന തൊഴിലാളി സംഘടനകളുടെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള കരട് നിയമം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ബാർബർ തൊഴിലാളികളുടെ ആവശ്യങ്ങൾ

321. (എ) [401] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ബാർബർ തൊഴിലാളികളുടെ അസോസിയേഷൻ മെമ്മോറാണ്ടം സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാം ; അവ നടപ്പിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്ഷേമനിധി രൂപീകരിക്കുക എന്നതാണ് പ്രധാന ആവശ്യം. ഇതിനു വേണ്ട നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

തൊഴിൽ സമരംമൂലം പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

322. [402] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly